## മധുരമായ കുട്ടികളെ - ഓർമ്മയുടെ യാത്രയിൽ പൂർണ്ണ ശ്രദ്ധ നൽകൂ, ഇതിലൂടെത്തന്നെയാണ് നിങ്ങൾ സതോപ്രധാനമായിത്തീരുന്നത്.

**ചോദ്യം-** ബാബ തന്റെ കുട്ടികളോട് ഏതൊരു കൃപയാണ് കാണിക്കുന്നത് ?
**ഉത്തരം-** ബാബ കുട്ടികളുടെ നന്മയ്ക്കു വേണ്ടി ഏതൊരു നിർദ്ദേശമാണോ നൽകുന്നത്, ഈ നിർദ്ദേശങ്ങൾ തന്നെയാണ് ബാബയുടെ കൃപ. ബാബയുടെ ആദ്യത്തെ നിർദ്ദേശമാണ് - മധുരമായ കുട്ടികളേ, ദേഹീ അഭിമാനിയായി മാറൂ. ദേഹീ അഭിമാനികൾ വളരെ ശാന്തമായിരിക്കുന്നു അവരുടെ ചിന്താഗതി ഒരിക്കലും വിരുദ്ധമായി നടക്കുകയിക്കില്ല.

**ചോദ്യം-** കുട്ടികൾക്ക് പരസ്പരം ഏതൊരു ചർച്ചയാണ് ചെയ്യേണ്ടത്?
**ഉത്തരം-** ചുറ്റിക്കറങ്ങാൻ പോകുമ്പോഴെല്ലാം ഓർമ്മയുടെ മത്സരം നടത്തൂ. പിന്നീട് പരസ്പരം ചർച്ച നടത്തൂ ആര് എത്ര സമയം ബാബയെ ഓർമ്മിച്ചു. ഇവിടെ ഓർമ്മക്കായി ഏകാന്തതയും വളരെ നല്ലതാണ്.

**ഓംശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികളോട് ചോദിക്കുന്നു നിങ്ങൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ആത്മീയ കുട്ടികൾ പറയുന്നു- ബാബാ, സതോപ്രധാനമായിരുന്ന ഞങ്ങൾ തമോപ്രധാനമായിരിക്കുകയാണ് ബാബാ, അങ്ങയുടെ ശ്രീമത്തനുസരിച്ച് ഞങ്ങൾക്ക് വീണ്ടും സതോപ്രധാനമായി മാറണം. ഇപ്പോൾ ബാബ നമുക്ക് വഴി പറഞ്ഞു തന്നു. ഇത് പുതിയ കാര്യമല്ല ഏറ്റവും പഴയ കാര്യമാണ്. ഏറ്റവും പഴയതാണ് ഓർമ്മയുടെ യാത്ര, ഇതിൽ ഷോ ചെയ്യേണ്ട ആവശ്യമില്ല. ഓരോരുത്തരും അവരവരുടെ ഹൃദയത്തോടു ചോദിക്കൂ ഞങ്ങൾ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ട്? എത്രത്തോളം സതോപ്രധാനമായിട്ടുണ്ട്? എന്ത് പുരുഷാർത്ഥമാണ് ചെയ്തുകൊണ്ടിരിക്കുന്നത്? എപ്പോഴാണോ അന്തിമ സമയം വരുന്നത് അപ്പോഴേ സതോപ്രധാനമായി മാറൂ. അതിന്റെയും സാക്ഷാത്കാരം ഉണ്ടായിക്കൊണ്ടിരിക്കും. ആര് എന്തു ചെയ്താലും അവനവനു വേണ്ടിയാണ് ചെയ്യുന്നത്. ബാബ മറ്റ് കൃപയൊന്നും കാണിക്കുന്നില്ല. കുട്ടികൾക്ക് നൽകുന്ന നിർദ്ദേശങ്ങൾ തന്നെയാണ് ബാബയുടെ കൃപ, അവരുടെ മംഗളാർത്ഥം തന്നെ. ബാബ മംഗളകാരി തന്നെയാണ്. പല കുട്ടികളും വിരുദ്ധമായ ജ്ഞാനത്തിലേക്ക് വരുന്നു. ബാബയ്ക്ക് തോന്നാറുണ്ട് ദേഹാഭിമാനികൾ അഹങ്കാരികളാണ്. ദേഹീഅഭിമാനി വളരെ ശാന്തരായിരിക്കും. അവർക്ക് ഒരിക്കലും വിരുദ്ധ ചിന്തകൾ വരില്ല. ബാബ ഓരോ പ്രകാരത്തിലും പുരുഷാർത്ഥം ചെയ്യിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മായ വളരെ ശക്തിശാലിയാണ്. നല്ല നല്ല കുട്ടികളോടും യുദ്ധം ചെയ്യുന്നു, അതുകൊണ്ടാണ് ബ്രാഹ്മണരുടെ മാല ഉണ്ടാക്കാൻ സാധിക്കാത്തത്. ഇന്ന് വളരെ നന്നായി ഓർമ്മിക്കുന്നു, നാളെ ദേഹാഹങ്കാരത്തിലേക്ക് വന്ന് ഓന്തിനുസമാനമായി മാറുന്നു. ഓന്തിന് വളരെയധികം അഹങ്കാരമാണ്. ഇങ്ങനെയൊരു ചൊല്ലുണ്ട് ദേവലോകത്തെ സംഗീതത്തെക്കുറിച്ച് ദേഹാഭിമാനികളായ ഓന്തുകൾക്ക് എന്തറിയാം. ദേഹാഭിമാനം വളരെ തെറ്റാണ്. വളരെയധികം പ്രയത്നിക്കണം. ശിവബാബ പറയുന്നു ഞാൻ ഏറ്റവും അനുസരണയുള്ള സേവകനാണ്. അവനവനെ സേവകനെന്ന് പറഞ്ഞ് നവാബ് ചമയുന്ന രീതിയിലായിരിക്കരുത്. ബാബ പറയുന്നു മധുരമധുരമായ കുട്ടികളെ, തീർച്ചയായും സതോപ്രധാനമായി മാറണം. ഇത് വളരെ സഹജമാണ് ഈ കാര്യത്തിൽ വായിലൂടെ ഒന്നും പറയേണ്ട ആവശ്യമില്ല. എവിടെപ്പോയാലും ഉള്ളിൽ ഓർമ്മയുണ്ടായിരിക്കണം. ഇവിടെയിരിക്കുമ്പോൾ മാത്രം ബാബ സഹായിക്കുന്നു എന്നല്ല. ബാബ വന്നിരിക്കുന്നതു തന്നെ സഹായിക്കുന്നതിനാണ്. ബാബയ്ക്ക് ഈയൊരു ചിന്തയാണുള്ളത്-കുട്ടികളേ, ഒരിക്കലും തെറ്റ് ചെയ്യരുത്. മായ ഇവിടെ നിന്ന് തന്നെ മുഷ്ടി ചുരുട്ടി അടിക്കും. ദേഹാഭിമാനം വളരെയധികം മോശമാണ്. ദേഹാഭിമാനത്തിലേക്ക് വരുന്നതിലൂടെ തീർത്തും അധ:പതിച്ചിരിക്കുന്നു. ബാബ പറയുന്നു ഇവിടെ വന്നിരിക്കുമ്പോഴും ഏറ്റവും പ്രിയപ്പെട്ട അച്ഛനെ ഓർമ്മിക്കൂ. ഞാൻ തന്നെയാണ് പതിതപാവനൻ. എന്നെ ഓർമ്മിക്കുന്നതിലൂടെ ഈ യോഗാഗ്നിയിലൂടെ നിങ്ങളുടെ ജന്മജന്മാന്തരത്തിലെ പാപം ഭസ്മമാകുന്നു. പക്ഷേ മറ്റുള്ളവർക്ക് നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുന്ന വിധത്തിൽ കുട്ടികളുടെ അവസ്ഥ ആയിട്ടില്ല. ജ്ഞാനമാകുന്ന വാളിൽ ഓർമ്മയുടെ മൂർച്ച ആവശ്യമാണ്. ഇല്ലെങ്കിൽ വാളുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകില്ല. മുഖ്യമായ കാര്യം തന്നെ ഓർമ്മയുടെ യാത്രയാണ്. വളരെയധികം കുട്ടികൾ വിരുദ്ധമായ ജോലിയിൽ മുഴുകിയിരിക്കുന്നു. ഓർമ്മയുടെ യാത്രയും ചെയ്യുന്നില്ല പഠിക്കുന്നുമില്ല. അതുകൊണ്ട് ഈ കാര്യത്തിൽ സമയം ലഭിക്കുന്നില്ല. ബാബ പറയുന്നു ഒരിക്കലും തന്റെ ജോലികളുടെ പിറകെ പോയി സമയം നഷ്ടപ്പെടുത്തരുത്. തന്റെ ഭാവി ഉണ്ടാക്കണമല്ലോ. സതോപ്രധാനമായി മാറണം.

ഇതിൽ വളരെയധികം പ്രയത്നമാണ്. വളരെ വലിയ മ്യൂസിയം സംരക്ഷിക്കുന്ന കുട്ടികൾ പോലും ഓർമ്മയുടെ യാത്രയിൽ ഇരിക്കുന്നില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഓർമ്മയുടെ യാത്രയിൽ സാധാരണക്കാരും ബന്ധനസ്ഥരായ അമ്മമാരുമാണ് കൂടുതൽ ഇരിക്കുന്നത്. അവർ ഇടക്കിടെ ശിവബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ശിവബാബാ, ഞങ്ങളുടെ ഈ ബന്ധനത്തെ ഇല്ലാതാക്കൂ. അബലകളുടെ മേൽ അത്യാചാരം ഉണ്ടാകുന്നതിനെക്കുറിച്ചും കേട്ടിട്ടുണ്ടല്ലോ.

നിങ്ങൾ കുട്ടികൾക്ക് വളരെയധികം മധുരമായി മാറണം. സത്യംസത്യമായ വിദ്യാർത്ഥികളാകൂ. നല്ല വിദ്യാർത്ഥികൾ ഏകാന്തതയിൽ പൂന്തോട്ടത്തിൽ പോയിരുന്നു പഠിക്കുന്നു. നിങ്ങളോടും ബാബ പറയുന്നു എവിടേക്ക് കറങ്ങാൻ പോവുകയാണെങ്കിലും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഓർമ്മയുടെ യാത്രയോട് താൽപര്യം വയ്ക്കൂ. സ്ഥൂലധനവുമായി താരതമ്യപെടുത്തുക യാണെങ്കിൽ ഈ അവിനാശി ധനം വളരെയധികം ഉയർന്നതാണ്. വിനാശി ധനം ചാരമായി മാറാനുള്ളതാണ്. ബാബയ്ക്ക് അറിയാം കുട്ടികൾ പൂർണ്ണമായും സേവനം ചെയ്യുന്നില്ല, ബുദ്ധിമുട്ടിയാണ് ഓർമ്മയിൽ ഇരിക്കുന്നത്. ഏതൊരു സത്യമായ സേവനമാണോ ചെയ്യേണ്ടത് അത് ചെയ്യുന്നില്ല. ബാക്കി സ്ഥൂലമായ സേവനത്തിൽ ശ്രദ്ധ കൂടുതൽ പോകുന്നു. ഡ്രാമയനുസരിച്ചാണ് സംഭവിക്കുന്നതെങ്കിലും ബാബയ്ക്ക് പുരുഷാർത്ഥം ചെയ്യിപ്പിക്കണമല്ലോ. ബാബ പറയുന്നു ഏതു ജോലി വേണമെങ്കിലും ചെയ്തോളൂ- വസ്ത്രം തയ്ക്കുകയാണെങ്കിലും ബാബയെ ഓർമ്മിക്കൂ. ഓർമ്മയിൽ തന്നെയാണ് മായ വിഘ്നമുണ്ടാക്കുന്നത്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ബലവാനോടൊപ്പം മായയും ബലവാനായി യുദ്ധം ചെയ്യുന്നു. ബാബ(ബ്രഹ്മാവ്) തന്റെ അനുഭവത്തെക്കുറിച്ചു പറയുന്നു, ഞാൻ ബലവാനാണ് യാചകനിൽ നിന്ന് രാജകുമാരനായി മാറുന്നതാണ് എന്നിട്ടുപോലും മായ എതിരിടുന്നു. മായ ആരെയും വെറുതെ വിടില്ല. ഗുസ്തിക്കാരുമായി കൂടുതൽ യുദ്ധം ചെയ്യുന്നു. പല കുട്ടികൾക്കും തന്റേതായ ദേഹാഹങ്കാരം വളരെയുണ്ട്. ബാബ എത്ര നിരഹങ്കാരിയാക്കിയാണ് മാറ്റുന്നത്. പറയുന്നു ഞാനും നിങ്ങൾ കുട്ടികളോട് നമസ്തേ പറയുന്ന സേവകനാണ്. ലോകത്തിലുള്ളവർ അവനവനെ വളരെ ഉയർന്നതാണെന്ന് മനസ്സിലാക്കുന്നു. ഈ ദേഹാഹങ്കാരത്തെയെല്ലാം ഇല്ലാതാക്കണം. വളരെയധികം പേരിൽ അഹങ്കാരത്തിന്റെ ഭൂതം ഇപ്പോഴുമുണ്ട്. ബാബ പറയുന്നു സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിച്ചു കൊണ്ടിരിക്കൂ. ഇവിടെ വളരെ നല്ല അവസരമുണ്ട്. ചുറ്റിക്കറങ്ങാനും വളരെ നല്ലതാണ്. സമയമുണ്ടെങ്കിൽ കറങ്ങിക്കോളൂ പക്ഷെ പരസ്പരം ചോദിക്കണം എത്ര സമയം ബാബയുടെ ഓർമ്മയിലിരുന്നു, മറ്റെവിടെയെങ്കിലും ബുദ്ധി പോയോ? പരസ്പരം സെമിനാർ നടത്തണം. സ്ത്രീകൾ വേറെയും പുരുഷന്മാർ വേറെയും ഇരിക്കുകയാണെങ്കിൽ നല്ലത്. സ്ത്രീകൾ മുന്നിലും പുരുഷന്മാർ പിന്നിലുമായിരിക്കണം. കാരണം അമ്മമാരെ സംരക്ഷിക്കണം. അതുകൊണ്ട് മാതാക്കളെ മുന്നിൽ വയ്ക്കണം. ഇവിടെ വളരെ നല്ല ഏകാന്തതയുണ്ട്. സന്യാസിമാരും ഏകാന്തതയിലേക്ക് പോകുന്നു. സതോപ്രധാന സന്യാസിമാരെല്ലാവരും വളരെ നിർഭയരായിരുന്നു. അവർ മൃഗങ്ങളെയൊന്നും ഭയക്കില്ല. അത്രയ്ക്കും ലഹരി ഉണ്ടായിരുന്നു. ഇപ്പോൾ തമോപ്രധാനമായിരിക്കുന്നു. ഏതൊരു ധർമ്മമാണെങ്കിലും ആദ്യം സ്ഥാപിക്കുമ്പോൾ സതോപ്രധാനമായിരിക്കും. പിന്നീട് രജോ-തമോയിലേക്ക് വരുന്നു. സതോപ്രധാന മായിരുന്ന സന്യാസിമാർ ബ്രഹ്മതത്വത്തിന്റെ ലഹരിയിൽ ഇരിക്കുമായിരുന്നു. അവരിൽ വളരെയധികം ആകർഷണമുണ്ടായിരുന്നു. കാട്ടിൽ ഭോജനം ലഭിച്ചിരുന്നു, ഓരോ ദിവസം കൂടുന്തോറും തമോപ്രധാനമായതു കാരണം ശക്തി കുറഞ്ഞുകൊണ്ടിരുന്നു.

ബാബ നിർദ്ദേശം നൽകുന്നു- ഇവിടെ കുട്ടികൾക്ക് തന്റെ ഉന്നതിക്കായുള്ള അവസരം വളരെയുണ്ട്. ഇവിടെ നിങ്ങൾ വരുന്നതുതന്നെ സമ്പാദിക്കാനാണ്. ബാബയുമായി മിലനം ചെയ്യുന്നതിലൂടെ മാത്രം സമ്പാദ്യമുണ്ടാകുന്നില്ല. ബാബയെ ഓർമ്മിച്ചാൽ മാത്രമേ സമ്പാദ്യമുണ്ടാകൂ. ബാബ ആശീർവദിക്കുമെന്ന് ഒരിക്കലും കരുതരുത്. സാധു-സന്യാസിമാരും മറ്റും ആശീർവദിക്കുന്നു. പക്ഷേ നിങ്ങൾക്ക് അധ:പതിക്കുക തന്നെ വേണം. ഇപ്പോൾ ബാബ പറയുന്നു- ജിന്നിനു സമാനം തന്റെ ബുദ്ധിയോഗത്തെ മുകളിലേക്ക് വയ്ക്കൂ. ജിന്നിന്റെ കഥയില്ലേ. എനിക്ക് ജോലി തരൂ എന്നു പറഞ്ഞു. ബാബയും പറയുന്നു- നിങ്ങൾക്ക് നിർദ്ദേശം നൽകുന്നു ഓർമ്മയിൽ ഇരിക്കുകയാണെങ്കിൽ തോണി അക്കരെ കടക്കും. നിങ്ങൾക്ക് തീർച്ചയായും സതോപ്രധാനമായി മാറണം. മായ എത്ര തന്നെ പ്രയത്നിച്ചാലും നിങ്ങൾ തീർച്ചയായും ശ്രേഷ്ഠമായ ബാബയെ ഓർമ്മിക്കണം. ഇങ്ങനെ ഉള്ളിൽ ബാബയുടെ മഹിമ പാടിക്കൊണ്ട്, ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഏതൊരു മനുഷ്യനേയും ഓർമ്മിക്കരുത്. ഭക്തി മാർഗ്ഗത്തിലുള്ള രീതി ഒരിക്കലും ജ്ഞാനമാർഗ്ഗത്തിൽ ഉണ്ടാവുകയില്ല. ബാബ പഠിപ്പ് നൽകുന്നു. ഓർമ്മയുടെ യാത്രയിൽ തീവ്രഗതിയിൽ മുന്നോട്ടുപോകണം. മുഖ്യമായ കാര്യം തന്നെ ഇതാണ്. സതോപ്രധാനമായിത്തീരണം. ബാബയുടെ നിർദ്ദേശം ലഭിക്കുന്നു- നടക്കാനും കറങ്ങാനും പോകുമ്പോൾ ഓർമ്മയിലിക്കൂ. അപ്പോൾ വീടിനേയും ഓർമ്മയുണ്ടാകും രാജധാനിയെയും ഓർമ്മയുണ്ടാകും. അല്ലാതെ ഓർമ്മയിൽ ഇരുന്നിരുന്ന് താഴേക്ക് വീണു പോകരുത്. അത് ഹഠയോഗമായിത്തീരും. ഇത് നേരായ കാര്യമാണ്- സ്വയം ആത്മാവാണെന്ന്

മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ചില കുട്ടികൾ ഓർമ്മയിൽ ഇരിക്കെത്തന്നെ വീണുപോകുന്നു. അതുകൊണ്ടാണ് ബാബ പറയുന്നത് നടക്കുമ്പോഴും-കറങ്ങുമ്പോഴും, കഴിക്കുമ്പോഴും-കുടിക്കുമ്പോഴും ഓർമ്മയിലിരിക്കൂ. അല്ലാതെ ഓർമ്മയിൽ ഇരുന്നിരുന്ന് അബോധാവസ്ഥയിലേക്ക് പോകരുത്. ഇതിലൂടെയൊന്നും നിങ്ങളുടെ പാപം നശിക്കില്ല. ഇതിലും മായയുടെ വിഘ്നം ധാരാളം ഉണ്ടാകും. ഭോഗ് വയ്ക്കുന്നതിന്റെ രീതിയും വ്യവസ്ഥകളും ഉണ്ടെങ്കിലും ഇതിൽ കാര്യം ഒന്നും തന്നെയില്ല. ഇതിലും മായയുടെ വളരെയധികം വിഘ്നങ്ങൾ ഉണ്ടാകുന്നു. ഇതിൽ ജ്ഞാനവുമില്ല യോഗവുമില്ല. സാക്ഷാത്കാരത്തിന്റെ ആവശ്യമില്ല. പലർക്കും സാക്ഷാത്കാരം ലഭിച്ചിരുന്നു, അവർ ഇന്നില്ല. മായ വളരെ ശക്തിശാലിയാണ്. ഒരിക്കലും സാക്ഷാത്കാരത്തിന്റെ ആഗ്രഹം വെയ്ക്കരുത്. ഇതിനേക്കാളും നല്ലത് സതോപ്രധാനമാകുന്നതിനു വേണ്ടി ബാബയെ ഓർമ്മിക്കുന്നതാണ്. ഡ്രാമയെക്കുറിച്ചും അറിയണം. ഈ അനാദി ഡ്രാമ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്, ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു, ഇതിനെക്കുറിച്ചും മനസ്സിലാക്കണം ബാബ എന്താണോ നിർദ്ദേശം തരുന്നത് അതനുസരിച്ച് നടക്കുകയും വേണം. കുട്ടികൾക്കറിയാം-നമ്മൾ വീണ്ടും വന്നിരിക്കുകയാണ് രാജയോഗം പഠിക്കുന്നതിനായി. ഇത് ഭാരതത്തിലെ കാര്യമാണ്. ഭാരതം തന്നെയാണ് തമോപ്രധാനമായിരിക്കുന്നത്. ഇനി വീണ്ടും ഭാരതത്തിനു തന്നെ സതോപ്രധാനമാകണം. ബാബയും ഭാരതത്തിൽത്തന്നെയാണ് വന്ന് എല്ലാവരുടെയും സദ്ഗതി ചെയ്യുന്നത്. ഇത് വളരെയധികം അത്ഭുതകരമായ കളിയാണ്. ഇപ്പോൾ ബാബ പറയുന്നു- മധുരമധുരമായ ആത്മീയ കുട്ടികളെ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. നിങ്ങൾക്ക് 84 ജന്മത്തിന്റെ ചക്രം പൂർത്തിയായി ഇപ്പോൾ 5000 വർഷമായി. ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. ഈ കാര്യങ്ങളൊന്നും മറ്റാർക്കും തന്നെ പറയാൻ സാധിക്കില്ല. നിങ്ങൾ കുട്ടികളിലും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് നിശ്ചയബുദ്ധി ഉണ്ടാകുന്നത്. ഇത് പരിധിയില്ലാത്ത പാഠശാലയാണ്. കുട്ടികൾക്ക് അറിയാം – പരിധിയില്ലാത്ത അച്ഛനാണ് നമ്മെ പഠിപ്പിക്കുന്നത്. ബാബയാകുന്ന ഉസ്താദ് ടീച്ചറുമാണ്. വളരെ വലിയ ഉസ്താദാണ്. വളരെ സ്നേഹത്തോടെയാണ് മനസ്സിലാക്കിത്തരുന്നത്. എത്ര നല്ല നല്ല കുട്ടികളാണ് വളരെ ആരാമത്തോടെ 6 മണിവരെ ഉറങ്ങുന്നത്. മായ ഒറ്റയടിക്ക് മൂക്കിന് പിടിക്കുന്നു. ബാബ ഓരോ ആജ്ഞകളും തന്നുകൊണ്ടിരിക്കും ആരംഭത്തിൽ എപ്പോഴാണോ ഭട്ടിയിൽ ഉണ്ടായിരുന്നത് അപ്പോൾ മമ്മയും ബാബയും പോലും എല്ലാ സേവനങ്ങളും ചെയ്തിരുന്നു. എങ്ങനെയുള്ള കർമ്മമാണോ ഞാൻ ചെയ്യുന്നത് അതുകണ്ട് മറ്റുള്ളവരും ചെയ്യുന്നു. ബാബയ്ക്കറിയാം മഹാരഥികളും കുതിര സവാരിക്കാരും കാലാൾപ്പടയാളികളും എല്ലാം നമ്പർവൈസ് ആണ്. പല കുട്ടികളും വളരെ വിശ്രമത്തോടെയാണ് ഇരിക്കുന്നത്. ഉള്ളിൽ ഉറങ്ങിക്കൊണ്ടിരിക്കുന്നു. പുറമേ നിന്നും ആരെങ്കിലും ഇവർ എവിടെയാണെന്ന് ചോദിച്ചാൽ ഇവിടെയില്ലെന്നു പറയും. പക്ഷേ ഉള്ളിൽ ഉറങ്ങുകയായിരിക്കും. എന്തെല്ലാമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് ബാബ മനസ്സിലാക്കിത്തരുന്നു. ആരും തന്നെ സമ്പൂർണ്ണമായിട്ടില്ല. എത്ര ഡിസ്സർവ്വീസാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇല്ലെങ്കിൽ ഇങ്ങനെയൊരു പാട്ടുണ്ട്-എത്ര തന്നെ അടിച്ചാലും സ്നേഹിച്ചാലും ഞങ്ങൾ അങ്ങയുടെ വാതിൽക്കൽ വിട്ട് പോവുകയില്ല. ഇവിടെയാണെങ്കിൽ ചെറിയ കാര്യം വരുമ്പോൾ തന്നെ പിണങ്ങുന്നു. അതിനർത്ഥം യോഗത്തിന്റെ വളരെയധികം കുറവുണ്ട്. ബാബ എത്രയാണ് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്, പക്ഷെ ആരും തന്നെ ഒരു കാര്യത്തെക്കുറിച്ചും എഴുതാനുള്ള ധൈര്യം കാണിക്കുന്നില്ല. യോഗമുണ്ടെങ്കിൽ എഴുതാനുള്ള ശക്തി നിറയുന്നു. ബാബ പറയുന്നു ഈയൊരു കാര്യം വളരെ നല്ല രീതിയിൽ തെളിയിച്ചു കൊടുക്കൂ- ഗീതയുടെ ഭഗവാൻ ശിവനാണ് കൃഷ്ണനല്ല.

ബാബ വന്ന് നിങ്ങൾ കുട്ടികൾക്ക് എല്ലാ കാര്യങ്ങളുടെയും അർത്ഥം മനസ്സിലാക്കിത്തരുന്നു. കുട്ടികൾക്ക് ഇവിടെ വരുമ്പോൾ ലഹരി വർദ്ധിക്കുന്നു. പിന്നീട് പുറത്തേക്കു പോകുന്നതോടെ അവസാനിക്കുന്നു. സമയം വളരെയധികം വ്യർത്ഥമാക്കുന്നു. ഞങ്ങൾക്ക് സമ്പാദിച്ച് യജ്ഞത്തിന് നൽകണം എന്ന ചിന്ത വേണം. ഒരിക്കലും സമയത്തെ വ്യർത്ഥമാക്കരുത്. ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികളുടെ നന്മയ്ക്ക് വേണ്ടിയാണ് വന്നിരിക്കുന്നത്. നിങ്ങൾ പിന്നീട് അവനവന്റെ നഷ്ടം ഉണ്ടാക്കി വയ്ക്കുന്നു. യജ്ഞത്തിൽ ആരാണോ കൽപ്പം മുമ്പ് സഹയോഗം നൽകിയത് അവർ ചെയ്യുന്നുണ്ട്, ചെയ്തുകൊണ്ടുമിരിക്കും. അത് ചെയ്യൂ, ഇത് ചെയ്യൂ എന്നു പറഞ്ഞ് നിങ്ങൾ എന്തിന് കഷ്ടപ്പെടണം. ആരാണോ വിത്ത് വിതച്ചത് അവർ ഇപ്പോഴും വിതയ്ക്കുക തന്നെ ചെയ്യും എന്നത് ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. യജ്ഞത്തെക്കുറിച്ച് നിങ്ങൾ ചിന്തിക്കേണ്ട. അവനവന്റെ നന്മ ചെയ്യൂ. അവനവനെ സഹായിക്കൂ. നിങ്ങൾ ഭഗവാനെ സഹായിക്കുന്നുണ്ടോ? ഭഗവാനിൽ നിന്നും നിങ്ങൾ എടുക്കുകയാണോ അതോ നൽകുയാണോ? മറ്റുളളവരെക്കുറിച്ച് ഇങ്ങനെയുള്ള ചിന്തകളൊന്നും വരരുത്. ബാബ പറയുന്നു- എന്റെ ഓമനകളായ കുട്ടികളേ, സ്വയം ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. എന്നാൽ വികർമ്മം നശിക്കും. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിലാണ് നിൽക്കുന്നത്. സംഗമത്തിൽ നിന്നാൽ മാത്രമേ നിങ്ങൾക്ക്

രണ്ടുവശവും കാണാൻ സാധിക്കൂ. ഇവിടെ കലിയുഗത്തിൽ എത്രയധികം മനുഷ്യരാണ്. സത്യയുഗത്തിൽ എത്ര കുറച്ചു മനുഷ്യരാണ് ഉണ്ടാവുക. മുഴുവൻ ദിവസവും നിങ്ങൾക്ക് സംഗമത്തിൽ നിൽക്കണം. ബാബ നമ്മെ എന്തിൽ നിന്നും എന്താക്കി മാറ്റുന്നു! ബാബയുടെ പാർട്ട് എത്ര അത്ഭുതകരമാണ്. എവിടെ ചുറ്റിക്കറങ്ങിയാലും ഓർമ്മയുടെ യാത്രയിൽ ഇരിക്കൂ. വളരെയധികം കുട്ടികൾ സമയത്തെ വ്യർത്ഥമാക്കുന്നു. ഓർമ്മയുടെ യാത്രയിലൂടെത്തന്നെയാണ് തോണി മറുകര കടക്കുക. കൽപ്പം മുമ്പും കുട്ടികൾക്ക് ഇതുപോലെ മനസ്സിലാക്കിത്തന്നിരുന്നു. ഡ്രാമ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും മുഴുവൻ കൽപ്പവൃക്ഷവും ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം. ഇതാണ് പഠിപ്പ്. ബാക്കി ജോലികളെല്ലാം തന്നെ ചെയ്തോളൂ. പഠിപ്പിനുവേണ്ടി സമയം കണ്ടെത്തണം. മധുരമായ അച്ഛനെയും സ്വർഗ്ഗത്തെയും ഓർമ്മിക്കൂ. എത്രത്തോളം ഓർമ്മിക്കുന്നുവോ അന്തിമതി സൊഗതിയായിത്തീരും. ബാബാ ഞങ്ങൾ അങ്ങയുടെ അടുത്ത് വന്നു കഴിഞ്ഞു. ബാബയുടെ ഓർമ്മയിൽ ശ്വാസം പോലും സുഖദായിയായിരിക്കും. ബ്രഹ്മജ്ഞാനികളുടെ ശ്വാസം സുഖദായിയാണ്. അവർ ബ്രഹ്മതത്വത്തെത്തന്നെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ ബ്രഹ്മലോകത്തിലേക്ക് ആരും തന്നെ പോകുന്നില്ല. അവർക്ക് സ്വയമേവ ശരീരത്തെ ഉപേക്ഷിക്കാൻ സാധിക്കുന്നു. പലരും ഉപവാസമെടുത്ത് ശരീരത്തെ ഉപേക്ഷിക്കുന്നു, അവർ ദു:ഖിയായി മരിക്കുന്നു. ബാബ ഇവിടെ പറയുന്നത് കഴിക്കൂ കുടിക്കൂ ബാബയെ ഓർമ്മിക്കൂ എന്നാൽ അന്തിമതി സോഗതിയായിത്തീരും. എല്ലാവർക്കും മരിക്കണമല്ലോ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർക്കാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. സദാ ഓർമ്മയുണ്ടായിരിക്കണം ഏതൊരു കർമ്മമാണോ ഞാൻ ചെയ്യുന്നത് എന്നെ കണ്ട് മറ്റുള്ളവരും ചെയ്യും. ഡിസ്സർവ്വീസ് ഉണ്ടാകുന്ന തരത്തിൽ ഒരിക്കലും വിശ്രമപ്രിയരായി മാറരുത്. വളരെ-വളരെ നിരഹങ്കാരിയായിരിക്കണം. തന്നെ താൻ തന്നെ സഹായിച്ച് തന്റെ നന്മ ചെയ്യണം.

2. ഓർമ്മയുടെ യാത്രയിലും പഠിപ്പിലും സമയം ലഭിക്കാത്ത വിധത്തിൽ ജോലികാര്യങ്ങളിൽ ബിസി ആകരുത്. ദേഹാഭിമാനം വളരെയധികം നഷ്ടമുണ്ടാക്കുന്നതും മോശവുമാണ്, ഇതിനെ ഉപേക്ഷിച്ച് ദേഹീ അഭിമാനിയായിരിക്കാൻ പ്രയത്നിക്കണം.

## വരദാനം:- ഏതൊരു പ്രശ്നത്തെയും മംഗളഭാവനയോടെ കാണുകയും കേൾക്കുകയും ചെയ്യുന്ന പരദർശനമുക്തരായി ഭവിക്കട്ടെ.

സംഘടന എത്രയും വലുതാണോ പ്രശ്നങ്ങളും അത്രയും വലുതായിരിക്കും. പക്ഷെ എപ്പോഴാണോ കണ്ടിട്ടും കാണാതിരിക്കുന്നത്, കേട്ടിട്ടും കേൾക്കാതിരിക്കുന്നത് അപ്പോഴാണ് സുരക്ഷ. തന്റെ സ്വ ചിന്തനത്തിലിരിക്കണം. സ്വ ചിന്തനം ചെയ്യുന്ന ആത്മാ പരചിന്തനത്തിൽ നിന്ന് മുക്തമായിരിക്കും. അഥവാ ഏതെങ്കിലും കാരണവശാൽ കേൾക്കേണ്ടിവന്നാൽ, സ്വയം സ്വയത്തെ ഉത്തരവാദിയെന്ന് മനസ്സിലാക്കുന്നുവെങ്കിൽ ആദ്യം തന്റെ ബ്രേക്കിനെ ശക്തിശാലിയാക്കി വെക്കൂ. കണ്ടു-കേട്ടു, സാധിക്കുന്നത്ര നന്മ ചെയ്തു, പിന്നെ ഫുൾസ്റ്റോപ്പിടുക.

## സ്ലോഗൻ:- തന്റെ സന്തുഷ്ടവും പ്രസന്നവുമായ ജീവിതത്തിലൂടെ ഓരോ ചുവടിലും സേവനം ചെയ്യുന്നവർ തന്നെയാണ് സത്യമായ സേവാധാരി.